കബീർ എന്ന യുവാവിനെ കൊലപ്പെടുത്തിയ സംഭവം

27 [2044] ശ്രീ. പി. കെ. കെ. ബാവ:
,, കൊരമ്പയിൽ അഹമ്മദ് ഹാജി:
,, കെ. മൊയ്തീൻകുട്ടി ഹാജി:
,, പി. സീതി ഹാജി:
,, പി. എം. അബൂബക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991 മാർച്ച് മാസം 9-ാം തീയതി പള്ളിച്ചൽ വച്ച് കബീർ എന്ന യുവാവിനെ ആരെങ്കിലും കൊലപ്പെടുത്തിയതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) അതേപ്പറ്റി അന്വേഷിച്ചോ;

(സി) ഇതിൽ കുറ്റക്കാരെ പിടികൂടി ശിക്ഷിച്ചോ;

(ഡി) കുറ്റക്കാരൻ ഏതു രാഷ്ട്രീയ പാർട്ടി അനുഭാവിയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണം ഊർജ്ജിതമായി നടക്കുകയാണ്.

(സി) കുറ്റക്കാരെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

(ഡി) കുറ്റക്കാർ . ആർ.എസ്.എസ്. അനുഭാവികളാണെന്ന് സംശയിക്കുന്നു.

സെക്രട്ടറിയേറ്റിലെ പ്രസ് റൂമിന്റെ പ്രവർത്തന സമയം

28 [2045] ശ്രീ.കെ. കെ: തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റിലെ പ്രസ് റൂമിന്റെ പ്രവർത്തന സമയം പബ്ലിക് റിലേഷൻസ് വകുപ്പിലെ പ്രസ് റിലീസ് വിഭാഗത്തിനേറതിന് തുല്യമായി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) രാവിലെ 7.30 മുതൽ രാത്രി 11.30 വരെ പത്രക്കുറിപ്പുകൾ സംബന്ധമായ ജോലികൾക്കായി നാല് ഉദ്യോഗസ്ഥൻമാർ പബ്ലിക് റിലേഷൻസ് വകുപ്പിൽ ഹാജരുണ്ടായിരിക്കണമെന്ന് അച്യുതമേനോൻ ഗവൺമെന്റിന്റെ ഉത്തരവ് നിലവിലുണ്ടോ;

(സി) ഈ ഉത്തരവ് ഭേദഗതി ചെയ്തിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(ഡി) പ്രസ് രജിസ്ട്രാറുടെ നിയമപ്രകാരമുള്ള അനുമതിയോടെ പ്രസിദ്ധീകരിക്കുന്ന പത്രങ്ങളുടെ അംഗീകൃത ലേഖകർക്ക് പ്രസ് റൂമിൽ സ്വതന്ത്രമായ പ്രവേശനാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) സെക്രട്ടറിയേറ്റിലെ പ്രസ് റൂമിന്റെ നടത്തിപ്പിനായി 1989-90 വർഷം ഗവൺമെന്റിന് ചെലവായ സംഖ്യ എത്രയെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അതിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

(ബി) ഇപ്രകാരം ഒരു ഉത്തരവ് ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പ്രസ് രജിസ്ട്രാറുടെ അനുമതിയോടെയാണ് ഏതു പത്രവും പ്രസിദ്ധീകരണം ആരംഭിക്കുന്നത്. അതിനാൽ പ്രസ് രജിസ്ട്രാറുടെ അനുമതി പ്രസ് അക്രഡിറ്റേഷനുമായി പ്രത്യേകം ബന്ധപ്പെടുത്തേണ്ട ആവശ്യമില്ല. പ്രസ് ഫസിലിറ്റീസോ പ്രസ് അക്രഡിറ്റേഷനോ ഉള്ള പത്രലേഖകർക്ക് മാത്രമേ പ്രസ് റൂമിൽ പ്രവേശനം ഉള്ളൂ.

(ഇ) പ്രസ് റൂമിന്റെ നടത്തിപ്പിന് മാത്രമായി ചെലവായ സംഖ്യ പ്രത്യേകം തിട്ടപ്പെടുത്താനാവില്ല.

കേരളത്തിലെ പത്രങ്ങളുടെ പ്രചാരം

29 [2046] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്ന് ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് ഏതൊക്കെ ദിനപത്രങ്ങൾ പ്രസിദ്ധീകരിക്കുന്നുവെന്നും അവയുടെ പ്രചാരം എത്രയെന്നും വെളിപ്പെടുത്തുമോ;

(ബി) പത്രങ്ങളുടെ പ്രചാരം സംബന്ധിച്ച് രജിസ്ട്രാർ ഓഫ് ന്യൂസ് പേപ്പേഴ്സ് അംഗീകരിക്കുന്ന വിവരങ്ങൾ കാലാകാലങ്ങളിൽ സംസ്ഥാന ഗവൺമെന്റിന് ലഭിക്കാൻ സംവിധാനമുണ്ടോ;

(സി) പ്രസ് രജിസ്ട്രാറുടെ പ്രചാരക്കണക്കുകൾക്കുപുറമേ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ സർക്കുലേഷൻ തിട്ടപ്പെടുത്താൻ കൂടുതൽ മെച്ചപ്പെട്ട സംവിധാനങ്ങൾ നിലവിലുണ്ടോ;

(ഡി) കേന്ദ്ര ഗവൺമെന്റ് പത്ര പ്രചാരക്കണക്ക് പരിശോധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരെ അയച്ച് കണക്കുകൾ ആവശ്യപ്പെട്ട് പീഡിപ്പിക്കരുതെന്ന് ചെറുകിട പത്ര ഉടമ സംഘത്തിന്റെ നിവേദനത്തിൻമേൽ എന്തെങ്കിലും തീരുമാനമായോ;

(ഇ) പരാതികൾക്കിടനൽകുന്ന തരത്തിലുള്ള മേൽപ്പറഞ്ഞതരം പരിശോധനകൾ നിർത്തലാക്കുമോ?

ഉത്തരം

(എ) ഗവൺമെന്റ് പരസ്യങ്ങൾ ലഭിക്കുവാൻ അർഹത നേടിയിട്ടുള്ള 38 പത്രങ്ങളുടെ പ്രചാരം മാത്രമേ തിട്ടപ്പെടുത്തിയിട്ടുള്ളൂ. അവയുടെ പേര്, പ്രചാരം എന്നിവ സംബന്ധിച്ച് വിശദമായ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) ഉണ്ട്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly